**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1978 07/12/2015 -ൽ മറുപടിയ്ക്ക്**

## ബിയർ പാർലറുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)** | | **ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് അടച്ചുപൂട്ടിയ ബാറുകൾ ബിയർ പാർലറുകളായി മാറ്റിയതുവഴി എത്ര കോടി രൂപയുടെ നികുതി നഷ്ടം ഉണ്ടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (എ) | സർക്കാരിന്റെ പുതിയ മദ്യനയത്തിന്റെ ഭാഗമായി 712 എഫ്.എൽ-3 ലൈസൻസുകൾ നിർത്തലാക്കിയതുമൂലം ലൈസൻസ് ഫീസിനത്തിൽ മാത്രം എക്സൈസ് നികുതി വരുമാനത്തിൽ 163.76 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. കൂടാതെ പിഴയിനത്തിലും മറ്റും ടി ലൈസൻസികളിൽ നിന്നും ലഭിച്ചിരുന്ന വരുമാനത്തിലും നഷ്ടം ഉണ്ടായിട്ടുണ്ട്.<br>സംസ്ഥാനത്ത് നിർത്തലാക്കിയ എഫ്.എൽ.3 ലൈസൻസുകളിൽ 670 എണ്ണത്തിന് ബിയർ/വൈൻ പാർലർ ലൈസൻസുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ഇതുവഴി എക്സൈസ് നികുതി വരുമാനത്തിൽ 26.8 കോടി രൂപ സമാഹരിക്കാനായിട്ടുണ്ട്. പിഴയിനത്തിലും മറ്റും ടി ലൈസൻസികളിൽ നിന്നും ലഭിച്ചിരുന്ന വരുമാനം നിശ്ചിത വരുമാനം അല്ലാതിരുന്നതിനാൽ കൃത്യമായ നികുതി നഷ്ടം എത്രയാണെന്ന് കണക്കാക്കാനായിട്ടില്ല. |

സെക്ഷൻ ഓഫീസർ